# RATHEESH C V , HST SS , GHSS PERIKKALLOOR ,WAYANAD , 9539824556

## S S L C MARCH 2021 , SOCIAL SCIENCE

**FOCUS AREA B + NOTES**

### SOCIAL SCIENCE I

1. മെർക്കന്റലിസ്റ്റ് നിയമങ്ങൾ
   a.കോളനിയുടെ വ്യാപാരത്തിന് ഇംഗ്ലീഷ് കപ്പലുകളോ കോളനി കപ്പലുകളോ ഉപയോഗിക്കണം
   b. കോളനികളിൽ നിന്ന് പഞ്ചസാര,പരുത്തി,കമ്പിളി,പുകയില ഇംഗ്ലണ്ടിലേക്ക് മാത്രമേ കയറ്റി അയക്കാവൂ.
   c. കോളനിരേഖകളിലെല്ലാം ഇംഗ്ലണ്ടിന്റെ സ്റ്റാമ്പ് പതിക്കണം
   d. കോളനികളിലെ ഇംഗ്ലീഷ് സൈന്യത്തിന്റെ താമസസൗകര്യങ്ങൾ കോളനിക്കാർ നൽകണം
   e. കോളനികളിൽ ഇറക്കുമതി ചെയ്യുന്ന തേയില,ഗ്ലാസ്,കടലാസ് എന്നിവക്ക് ഇറക്കുമതി ചുങ്കം നല്കണം
2. അമേരിക്കൻ വിപ്ലവം സ്വാധീനം/ഫലങ്ങൾ
   a. പിൽക്കാല സ്വാതന്ത്ര്യ സമരങ്ങൾക്കും വിപ്ലവങ്ങൾക്കും പ്രചോദനം നല്കി
   b. മനുഷ്യാവകാശ പ്രവർത്തനങ്ങൾക്ക് മാതൃകയായി
   c. റിപ്പബ്ലിക്കൻ ഭരണരീതി മുന്നോട്ടുവച്ചു
   d. ആദ്യത്തെ എഴുതപ്പെട്ട ഭരണഘടന തയ്യാറാക്കി
   e. ഫെഡറൽ രാഷ്ട്രം എന്ന ആശയം നൽകി
3. ഫ്രഞ്ചുവിപ്ലവം കാരണങ്ങൾ
   a. ലൂയി രാജാക്കന്മാരുടെ ഏകാധിപത്യഭരണവും ധൂർത്തും
   b. സാമൂഹിക സാമ്പത്തിക അസമത്വം c.ചിന്തകന്മാരുടെ സ്വാധീനം
4. ഫ്രഞ്ച് സമൂഹം
   ഒന്നാം എസ്റ്റേറ്റ് -പുരോഹിതന്മാർ,ഭൂവുടമകൾ,നികുതി നൽകേണ്ട,ഉയർന്ന പദവി
   രണ്ടാം എസ്റ്റേറ്റ്-പ്രഭുക്കന്മാർ ,ഭൂവുടമകൾ,നികുതി നൽകേണ്ട,ആഡംബരജീവിതം
   മൂന്നാംഎസ്റ്റേറ്റ്-മധ്യവർഗം,ഒരവകാശവുമില്ല,നികുതി നൽകണം,താഴ്ന്ന സാമൂഹിക പദവി
5. നെപ്പോളിയന്റെ പരിഷ്കാരങ്ങൾ
   a. കർഷകരെ ഭൂവുടമകളാക്കി
   b.ബാങ്ക് ഓഫ് ഫ്രാൻസ് സ്ഥാപിച്ചു
   c.പുരോഹിതരെയും സഭയേയും നിയന്ത്രിച്ചു.
   d.സിങ്കിങ് ഫണ്ട് രൂപീകരിച്ചു
   e.പുതിയ നിയമസംഹിത ഉണ്ടാക്കി.
6. ഫ്രഞ്ചുവിപ്ലവം മുന്നോട്ടുവച്ച ആശയങ്ങൾ
   a. മധ്യവർഗ്ഗത്തിന്റെ ഉയർച്ച b. ഫ്യൂഡലിസത്തിന്റെ അന്ത്യം c. ദേശീയത
7. ഫ്രഞ്ചുവിപ്ലവത്തിന്റെ സ്വാധീനം
   a. ദേശീയതയുടെ ആവിർഭാവം
   b. മധ്യവർഗ്ഗത്തിന്റെ വളർച്ച
   c. സ്വേച്ഛാധിപത്യ ഭരണകൂടങ്ങൾക്ക് ഭീഷണിയുയർത്തി
   d. പിൽക്കാല വിപ്ലവങ്ങൾക്ക് ആവേശം പകർന്നു
   e. ഫ്യൂഡൽ വ്യവസ്ഥയുടെ അന്ത്യത്തിന് വഴിയൊരുക്കി
   f. ജനകീയ പരമാധികാരം എന്ന ആശയം നൽകി.
8. റഷ്യൻ വിപ്ലവം കാരണങ്ങൾ
   a. ചക്രവർത്തിമാരുടെ ഏകാധിപത്യഭരണം
   b. കർഷകരുടെയും തൊഴിലാളികളുടെയും ദുരിതജീവിതം
   c. കർഷകരുടെ വലിയ നികുതിഭാരം d. കാർഷിക -വ്യാവസായിക ഉല്പാദനകുറവ്
   e. വ്യവസായങ്ങൾ വിദേശികളുടെ നിയന്ത്രണത്തിലായിരുന്നു
9. റഷ്യൻ വിപ്ലവം ഫലങ്ങൾ
   a.പില്ക്കാല ലോകചരിത്രത്തെ സ്വാധീനിച്ചു
   b.റഷ്യ ശാസ്ത്ര-സാങ്കേതിക-സാമ്പത്തിക പുരോഗതി നേടി
   c.സോവിയറ്റ് യൂണിയൻ (USSR)രൂപീകരിക്കപ്പെട്ടു
   d.സോഷ്യലിസ്റ്റ് ആശയങ്ങൾ ലോകത്ത് പ്രചരിച്ചു
10. ഗാന്ധിജിയുടെ ആദ്യകാല / പ്രാദേശിക സമരങ്ങൾ
    1.ചമ്പാരനിലെ നീലം കർഷക സമരം- 1917 -ബീഹാർ
      നീലം തോട്ടം തൊഴിലാളികളുടെ പ്രശ്ന പരിഹാരം
    2.അഹമ്മദാബാദ് തുണിമിൽ സമരം-1918-ഗുജറാത്ത്
      പ്ലേഗ് ബോണസ് ലഭിക്കാൻ -കൂലിവർദ്ധനവ് ലഭിക്കാൻ
    3.ഖേഡ കർഷക സമരം-1918-ഗുജറാത്ത്- കൃഷിനാശം വന്നതിനാൽ നികുതിയിളവ് ലഭിക്കുക
11. ഗാന്ധിജിയുടെ നേതൃത്വത്തിൽ നടന്ന ദേശീയ സമരങ്ങൾ
    A. നിസ്സഹകരണ സമരവും ഖിലാഫത്ത് പ്രസ്ഥാനവും-1920
       ബ്രിട്ടീഷ് വിരുദ്ധ വികാരം വളർത്തുക,ഹിന്ദു-മുസ്ലീം മൈത്രി വളർത്തുക
       സ്വദേശി പ്രോത്സാഹനം, ദേശീയവിദ്യാഭ്യാസം വളർത്തുക.
    B. സിവിൽ നിയമലംഘന സമരം/ഉപ്പുസത്യാഗ്രഹം-1930
       ബ്രിട്ടീഷുകാരുടെ ജനവിരുദ്ധ സിവിൽ നിയമങ്ങൾ ലംഘിക്കുക,പൂർണ്ണസ്വരാജ്.
    C. ക്വിറ്റ് ഇന്ത്യാ സമരം-1942
       എല്ലാ അധികാരങ്ങളും ഇന്ത്യക്കു കൈമാറി ഇന്ത്യ വിടാൻ ബ്രിട്ടീഷുകാരെ നിർബന്ധിക്കുന്ന അഹിംസയിലൂന്നിയ സമരം
12. നിസ്സഹകരണ സമരത്തിന്റെ സവിശേഷതകൾ
    A. വിദേശ വസ്തു ബഹിഷ്കരണം B. തെരഞ്ഞെടുപ്പുകൾ ബഹിഷ്കരിക്കുക
    C. കോടതിയും ഇംഗ്ലീഷ് വിദ്യാലയങ്ങളും ബഹിഷ്കരിക്കുക,
    D.ബ്രിട്ടീഷ് പുരസ്കാരങ്ങൾ തിരികെ നൽകുക, E നികുതി നൽകാതിരിക്കുക.
13. സുഭാഷ് ചന്ദ്രബോസ്
    a. ഇന്ത്യൻ നാഷ്ണൽ ആർമി - INA
       ലക്ഷ്യം - ബ്രിട്ടീഷുകാരെ ഇന്ത്യൻ മണ്ണിൽനിന്ന് തുരത്തിയോടിക്കാൻ പോരാടുക.
    b. INA യുടെ വനിതാവിഭാഗം ജാൻസിറാണി റെജിമെന്റ് -ക്യാപ്റ്റൻ ലക്ഷ്മി
    c.ഫോർവേഡ് ബ്ലോക്ക് എന്ന പാർട്ടി രൂപീകരിച്ചു
14. നാട്ടുരാജ്യസംയോജനം
    a. സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് b.സർദാർ വല്ലഭ്ഭായ് പട്ടേൽ
    c. വി പി മേനോൻ d. ലയനക്കരാർ
15. ശാസ്ത്ര – സാങ്കേതിക നേട്ടങ്ങൾ
    a. ഗവേഷണ സ്ഥാപനങ്ങൾ ആരംഭിച്ചു. b.ശാസ്ത്ര ഗവേഷണ സമിതി.
    c. 5 ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജികൾ (IIT)സ്ഥാപിതമായി.
    d.എൻജിനീയറിങ് വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടു.
    e .ടാറ്റാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫണ്ടമെന്റൽ റിസർച്ച്,
    f.ഇന്ത്യൻ ആണവോർജ കമ്മീഷൻ ഉ.ഹോമി ജെ ഭാഭയും,എസ്.എൻ.ഭട്നാഗർ
16. വിദ്യാഭ്യാസ പുരോഗതി
    A. വിദ്യാഭ്യാസ കമ്മീഷനുകളെ നിയമിച്ചു.
       1. ഡോ.രാധാകൃഷ്ണൻ കമ്മീഷൻ -1948 -കോളേജ് വിദ്യാഭ്യാസം, UGC , തൊഴിലധിഷ്ഠിത വിദ്യാഭ്യാസം
       2. ഡോ.ലക്ഷ്മണസ്വാമി -മുതലിയാർ കമ്മീഷൻ -1952 -സെക്കണ്ടറി വിദ്യാഭ്യാസം, ത്രിഭാഷ പദ്ധതി,അധ്യാപക പരിശീലന സമിതി രൂപീകരണം.
       3.ഡോ.ഡി എസ് കോത്താരി കമ്മീഷൻ -1964 -ദേശീയ വിദ്യാഭ്യാസ മതൃക -10+2+3 മാതൃക
    B. 1968 ലും 1986 ലും ദേശീയ വിദ്യാഭ്യാസ നയം രൂപീകരിച്ചു.
    C. വിദ്യാഭ്യാസ പദ്ധതികൾ - OBB,MLL,DPEP,SSA,RMSA,RUSA
    D. വിദ്യാഭ്യാസ പരിശീലന സ്ഥാപനങ്ങൾ - NCERT,SCERT,DIET,BRC
    E. 2009 ൽ വിദ്യാഭ്യാസ അവകാശ നിയമം പാസ്സാക്കി.
17. ഇന്ത്യയുടെ വിദേശനയത്തിന്റെ പ്രധാനതത്വങ്ങൾ
    a.കോളനിവ്യവസ്ഥയോടുള്ള എതിർപ്പ് b.സമാധാനപരമായ സഹവർത്തിത്വം
    c. ഐക്യരാഷ്ട്രസഭയിലുള്ള വിശ്വാസം d. പഞ്ചശീലതത്വങ്ങൾ e. ചേരിചേരായ്മ
    f. വംശീയവാദത്തോടുള്ള വിദ്വേഷം g.വിദേശസഹായത്തിന്റെ ആവശ്യകതയിലുള്ള ഊന്നൽ
18. പൊതുഭരണത്തിന്റെ പ്രാധാന്യം
    a. ഗവൺമെന്റിന്റെ നയങ്ങൾ രൂപപ്പെടുത്തുന്നു b. ജനക്ഷേമം ഉറപ്പാക്കുന്നു
    c. ജനകീയ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നു d. സാധനങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നു
19. ഉദ്യോഗസ്ഥ വൃന്ദത്തിന്റെ സവിശേഷതകൾ
    a. ശ്രേണിപരമായ സംഘാടനം b.സ്ഥിരത c. യോഗ്യത അടിസ്ഥാനമാക്കി നിയമനം
    d. രാഷ്ട്രീയ നിഷ്പക്ഷത e. വൈദഗ്ധ്യം.
20. ഇന്ത്യൻ സിവിൽ സർവ്വീസ്
    a.അഖിലേന്ത്യാസർവ്വീസ്-ദേശീയ തലത്തിൽ തിരഞ്ഞെടുക്കുന്നു, കേന്ദ്ര -സംസ്ഥാന സർവീസിൽ നിയമനം , IAS ,IPS
    b. കേന്ദ്ര സർവ്വീസ്-ദേശീയ തലത്തിൽ തിരഞ്ഞെടുക്കുന്നു,കേന്ദ്ര വകുപ്പിൽനിയമനം,IFS,IRS
    c. സംസ്ഥാന സർവ്വീസ്-സംസ്ഥാനതലത്തിൽ തിരഞ്ഞെടുക്കുന്നു,സംസ്ഥാന വകുപ്പുകളിൽ നിയമിക്കപ്പെടുന്നു ഉദാ.സെയിൽസ് ടാക്സ് ഓഫീസർ
21. ഇ ഗവേണൻസ് : ഇലക്ട്രോണിക് സാങ്കേതിക വിദ്യയുടെ ഭരണരംഗത്തെ ഉപയോഗം
22. ഇ ഗവേണൻസ് നേട്ടങ്ങൾ
    a. സേവനത്തിനായി സർക്കാർ ഓഫീസിൽ കാത്തുനിൽക്കേണ്ടതില്ല.
    b. വിവരസാങ്കേതികവിദ്യയുടെ സഹായത്താൽ സേവനം നേടാം.
    c. സർക്കാർ സേവനം കുറഞ്ഞചെലവിലും വേഗത്തിലും ലഭിക്കുന്നു.
    d. ഓഫീസുകളുടെ കാര്യക്ഷമതയും സേവനത്തിന്റെ ഗുണമേന്മയും വർധിക്കുന്നു.
23. ഉപ്പ് സമരായുധമാക്കാൻ ഗാന്ധിജിയെ പ്രേരിപ്പിച്ച ഘടകങ്ങൾ :
    a. ബ്രിട്ടീഷുകാരുടെ നികുതി വരുമാനത്തിന്റെ അഞ്ചിൽ രണ്ടുഭാഗവും ഉപ്പുനികുതിയായിരുന്നു,
    b. ദരിദ്രർക്ക് ഈ നികുതി വലിയ ഭാരമായിരുന്നു, c. ഉപ്പിന്റെ വില മൂന്ന് മടങ്ങ് വർധിച്ചു
    d. തദ്ദേശീയ ഉപ്പുല്പാദനത്തിന് നിരോധനം ഏർപ്പെടുത്തിയത്,
    e. സാധാരണക്കാരെ ഉണർത്താൻ പറ്റിയ ഒരു മുദ്രാവാക്യമായിരുന്നു ഇത്.
24. ക്വിറ്റ് ഇന്ത്യാ സമരത്തിന് കാരണമായ ഘടകങ്ങൾ
    a. ഇന്ത്യയിൽഭരണഘടനാ പരിഷ്കാരങ്ങൾ നടപ്പിലാക്കാൻ ബ്രിട്ടൻ കാണിച്ച വൈമനസ്യം
    b. വിലക്കയറ്റവും ക്ഷാമവും മൂലമുള്ള ജനങ്ങളുടെ അതൃപ്തി,
    c. രണ്ടാം ലോകയുദ്ധത്തിൽ ബ്രിട്ടൻ പരാജയപ്പെടുമെന്ന തോന്നൽ.
25. നിസ്സഹകരണ സമരത്തിന് മുമ്പ് ഗാന്ധിജി മുന്നോട്ടുവച്ച ആവശ്യങ്ങൾ :
    A. ഉപ്പു നികുതി എടുത്തു കളയുക B. കൃഷിക്കാർക്ക് 50 ശതമാനം നികുതിയിളവ് നൽകുക,
    C. രാഷ്ട്രീ തടവുകാരെ വിട്ടയയ്ക്കുക D. സൈനികചെലവും ഉദ്യോഗസ്ഥ ശമ്പളവും കുറയ്ക്കുക
    E. സമ്പൂർണ്ണ മദ്യ നിരോധനം നടപ്പാക്കുക.

### SOCIAL SCIENCE II

1. ഋതുഭേദങ്ങൾക്കു കാരണമാകുന്ന ഘടകങ്ങൾ
   a. ഭൂമിയുടെ പരിക്രമണം b. അച്ചുതണ്ടിന്റെ ചരിവ്
   c. അച്ചുതണ്ടിന്റെ സമാന്തരത d. സൂര്യന്റെ അയനമാറ്റം
2. ഭ്രമണം : a. ഭൂമി സ്വന്തം അച്ചുതണ്ടിനെ ആധാരമാക്കി കറങ്ങുന്നതാണ് ഭ്രമണം.
   b. ഇത് പടിഞ്ഞാറുനിന്ന് കിഴക്കോട്ടാണ്.
   c. ആദ്യം സൂര്യോദയം അനുഭവപ്പെടുക ഒരു പ്രദേശത്തിന്റെ കിഴക്കുദിക്കിലാകും.
   d. ഒരു ഭ്രമണം പൂർത്തിയാക്കാൻ 24 മണിക്കൂർ വേണം.
   e. ഭ്രമണഫലമായാണ് രാത്രിയും പകലും ഉണ്ടാകുന്നത്.
3. ഗ്രീനിച്ച് സമയം : ഗ്രീനിച്ച് രേഖയിലെ പ്രാദേശിക സമയമാണ് ഗ്രീനിച്ച് സമയം
4. മാനകരേഖാംശവും മാനകസമയവും : ലോകത്തിലെ ഓരോ രാജ്യവും ആ രാജ്യത്തിന്റെ മധ്യത്തിലൂടെ കടന്നുപോകുന്ന രേഖാംശരേഖയെ മാനകരേഖാംശമായി കണക്കാക്കുന്നു. മാനകരേഖാംശത്തിലെ പ്രാദേശിക സമയമാണ് ആ രാജ്യത്തിന്റെ മാനകസമയം.
5. ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം : ഇന്ത്യയുടെ ഏകദേശം മധ്യത്തിലൂടെ കടന്നുപോകുന്ന എൺപത്തിരണ്ടര ഡിഗ്രി(82.5) പൂർവരേഖാംശമാണ് ഇന്ത്യയുടെ മാനകരേഖാംശം.ഇവിടത്തെ പ്രാദേശിക സമയമാണ് ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം.ഇന്ത്യൻ സ്റ്റാൻഡേർഡ് സമയം ഗ്രീനിച്ച് സമയത്തിൽനിന്ന് അഞ്ചര മണിക്കൂർ (5.30)മുന്നിലാണ്(കൂടുതലാണ്).
6. അന്താരാഷ്ട്ര ദിനാങ്കരേഖ : a. 180 ഡിഗ്രി രേഖാംശരേഖയാണ് അന്താരാഷ്ട്ര ദിനാങ്കരേഖ.
   b.ഈ രേഖ ഒരു നേർരേഖയല്ല. c.ഈ രേഖയുടെ കിഴക്കോട്ട് ഒരു ദിവസം കുറവും പടിഞ്ഞാറോട്ട് ഒരു ദിവസം കൂടുതലും ആയിരിക്കും. d.ഈ രേഖയുടെ കിഴക്കും പടിഞ്ഞാറും തമ്മിൽ 24 മണിക്കൂർ വ്യത്യാസമുണ്ടാകും.
7. മാനവവിഭവം - ഉൽപ്പാദനരംഗത്ത് ഉപയോഗപ്പെടുത്താൻ കഴിയുന്ന അധ്വാനശേഷിയുള്ള ജനങ്ങളാണ് മാനവവിഭവം.
8. മാനവവിഭവത്തിന്റെ ഗുണപരമായ സവിശേഷതകൾ
   വിദ്യാഭ്യാസം , സാക്ഷരതാ നിരക്ക്, ആരോഗ്യപരിപാലനം , ആയുർദൈർഘ്യം
9. മെച്ചപ്പെട്ട മാനവവിഭവത്തിന്റെ പ്രയോജനങ്ങൾ / സവിശേഷതകൾ
   a. സാമ്പത്തിക അന്തരം കുറയ്ക്കാം b. പ്രകൃതി വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കാം
   c. സാമൂഹികക്ഷേമം ഉറപ്പുവരുത്താം d. തൊഴിലാളികളുടെ ഉല്പാദനക്ഷമത കൂട്ടാം
10. വിദ്യാഭ്യാസം സാമ്പത്തിക /രാജ്യത്തിന്റെ വികസനത്തിലേക്ക് നയിക്കുന്ന വിധം
    വിദ്യാഭ്യാസം -വ്യക്തികളുടെ കഴിവ് മെച്ചപ്പെടുത്തുന്നു - സാങ്കേതിക അറിവ് ലഭിക്കുന്നു - മെച്ചപ്പെട്ട തൊഴിലും വരുമാനവും നേടാനാവുന്നു - ജീവിത നിലവാരം ഉയരുന്നു
11. വിദ്യാഭ്യാസവും തൊഴിൽ നൈപുണിയും മെച്ചപ്പെടുത്താൻ രാജ്യത്ത് നടപ്പാക്കുന്ന പദ്ധതികൾ
    ICDS ,SSA,RMSA,NSDMRS

12. വിദ്യാഭ്യാസ രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾ
   a. പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കാത്ത ഒരു വിഭാഗം വിദ്യാലയങ്ങളിൽനിന്ന് കൊഴിഞ്ഞുപോകുന്നുണ്ട്
   b. വിദ്യാഭ്യാസ മേഖലയിൽ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത കുറവുണ്ട്
   c. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടേണ്ടതുണ്ട്

13. ആരോഗ്യം : ശാരീരികമായും മാനസികമായും സാമൂഹികവുമായും ആയ സുസ്ഥിതിയാണ് ആരോഗ്യം എന്ന് ലോകാരോഗ്യസംഘടന (WHO) നിർവചിക്കുന്നു.

14. ആരോഗ്യമുള്ളവ്യക്തികൾ എങ്ങനെ രാജ്യപുരോഗതിയിൽ പങ്കാളികളാകുന്നു
   a. പ്രകൃതിവിഭവങ്ങൾ ശരിയായി വിനിയോഗിക്കാനാവും
   b. തൊഴിൽദിനങ്ങളുടെ എണ്ണം വർധിക്കുന്നതുകൊണ്ടും കാര്യക്ഷമത കൂടുന്നതുകൊണ്ടും ഉല്പാദനം കൂടും c. ഉല്പാദനവർധനവിലൂടെ സാമ്പത്തിക വികസനം സാധ്യമാകും
   d. ചികിത്സാച്ചെലവുകൾ കുറയ്ക്കാനും അതുവഴി സർക്കാരിന്റെ സാമ്പത്തിക ചെലവ് കുറയ്ക്കാനും കഴിയും

15. ആരോഗ്യപരിപാലനത്തിനായി ഒരുക്കേണ്ട സൗകര്യങ്ങൾ
   a. പോഷകാഹാരലഭ്യത b. ശുദ്ധജലലഭ്യത c. ശുചിത്വപരിപാലനം
   d. ചികിത്സാസൗകര്യങ്ങൾ e. രോഗപ്രതിരോധ സംവിധാനങ്ങൾ

16. ചികിത്സാരംഗത്ത് വിവിധ തലങ്ങളിലായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ
   a. മെഡിക്കൽ കോളേജുകൾ b.ജില്ലാ ആശുപത്രികൾ c.സാമൂഹിക ആരോഗ്യകേന്ദ്രങ്ങൾ
   d. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങൾ e. ആരോഗ്യ ഉപകേന്ദ്രങ്ങൾ

17. ഇന്ത്യയിൽ ആരോഗ്യസേവനം ലഭ്യമാക്കുന്ന രണ്ട് ഏജൻസികൾ

| | |
|---|---|
| ദേശീയ ഗ്രാമീണ ആരോഗ്യമിഷൻ (NRHM) | ഗ്രാമീണമേഖലയിൽ ആരോഗ്യസേവനം ലഭ്യമാക്കുന്നു |
| ദേശീയ നഗരാരോഗ്യമിഷൻ (NUHM) | പട്ടണങ്ങളിൽ ആരോഗ്യസേവനങ്ങൾ ലഭ്യമാക്കുന്നു. |

18. ഋതുക്കൾ, സൂര്യന്റെ അയനം

| മാസങ്ങൾ | സൂര്യന്റെ അയനം | ഋതുക്കൾ | |
|---|---|---|---|
| | | ഉത്തരാർധഗോളം | ദക്ഷിണാർധഗോളം |
| മാർച്ച് 21 - ജൂൺ 21 | ഭൂമധ്യരേഖയിൽനിന്ന് ഉത്തരായനരേഖയിലേക്ക് | വസന്തം | ഹേമന്തം |
| ജൂൺ 21 - സെപ്റ്റംബർ 23 | ഉത്തരായനരേഖയിൽനിന്ന് ഭൂമധ്യരേഖയിലേക്ക് | ഗ്രീഷ്മം | ശൈത്യം |
| സെപ്റ്റംബർ 23 - ഡിസംബർ 22 | ഭൂമധ്യരേഖയിൽനിന്ന് ദക്ഷിണായനരേഖയിലേക്ക് | ഹേമന്തം | വസന്തം |
| ഡിസംബർ 22 - മാർച്ച് 21 | ദക്ഷിണായനരേഖയിൽനിന്ന് ഭൂമധ്യരേഖയിലേക്ക് | ശൈത്യം | ഗ്രീഷ്മം |

19.ഇന്ത്യയിലെ ഭൂപ്രകൃതി വിഭാഗങ്ങൾ : a. ഉത്തരപർവ്വതമേഖല, b. ഉത്തരമഹാസമതലം, c. ഉപദ്വീപീയ പീഠഭൂമി d.തീരസമതലങ്ങൾ e. ദ്വീപുകൾ

20. ഉത്തരപർവ്വതമേഖല

| ഉപവിഭാഗങ്ങൾ | സവിശേഷതകൾ |
|---|---|
| a. ട്രാൻസ് ഹിമാലയം- കാരക്കോറം,ലഡാക്ക്,സസ്കർ | ഇന്ത്യയിലെ ഉയരമുള്ള കൊടുമുടിയായ മൗണ്ട് K2 അഥവാ ഗോഡ് വിൻ ഓസ്റ്റിൻ ഇവിടെയാണ്.ശരാശരി ഉയരം 6000 മീറ്ററാണ് |
| b. ഹിമാലയം - ഹിമാദ്രി,ഹിമാചൽ,സിവാലിക് | ഈ പർവ്വതനിരകൾക്ക് ഏകദേശം 2400 K.M നീളമുണ്ട്.ലോകത്തിലെ ഉയരമേറിയ കൊടുമുടികൾ കാണപ്പെടുന്നു.ഏകദേശം 5 ലക്ഷം ച.കി.മീ. വിസ്തൃതിയുള്ള പ്രദേശം |
| c. കിഴക്കൻ മലനിരകൾ - പത്കായിബും, നാഗാകുന്നുകൾ, ഗാരോ,ഖാസി,ജയന്തിയ കുന്നുകൾ, മിസോ കുന്നുകൾ | സമുദ്രനിരപ്പിൽനിന്ന് 500-3000 മീ.ഉയരം.പൂർവാചൽ എന്നും അറിയപ്പെടുന്നു. ഇവിടം നിബിഡമായ ഉഷ്ണമേഖലാ മഴക്കാടുകളാണ് ലോകത്ത് ഏറ്റവും മഴ ലഭിക്കുന്ന ചിറാപുഞ്ചി ഇവിടെയാണ്. |

21. ഉത്തരപർവ്വതമേഖലയുടെ പ്രാധാന്യം
   a.പുരാതനകാലം മുതൽ ഇന്ത്യയെ വടക്കുപടിഞ്ഞാറ് ആക്രമണങ്ങളിൽനിന്ന് സംരക്ഷിക്കുന്നു
   b.മൺസൂൺ കാറ്റുകളെ തടഞ്ഞുനിർത്തി ഉത്തരേന്ത്യയിലുടനീളം മഴ പെയ്യിക്കുന്നു
   c.ശൈത്യകാലത്തു വീശുന്ന വരണ്ട ശീതകാറ്റിനെ ഇന്ത്യയിലേക്കു കടക്കാതെ ചെറുക്കുന്നു
   d.നദികളുടെ ഉത്ഭവപ്രദേശം
   e.വൈവിധ്യമാർന്ന സസ്യജന്തുജാലങ്ങൾ ഉടലെടുക്കുന്നതിന് കാരണമായി

22. ഹിമാലയ പർവതനിരകൾ - ഹിമാദ്രി, ഹിമാചൽ, സിവാലിക്

| ഹിമാദ്രി | ഹിമാചൽ | സിവാലിക് |
|---|---|---|
| ഏറ്റവും ഉയരം കൂടിയ നിര. ശരാശരി ഉയരം 6000 മീ. ഗംഗ,യമുന,എന്നീ നദികളുടെ ഉത്ഭവസ്ഥാനം, 8000 മീ.മുകളിൽ ഉയരമുള്ള നിരവധി കൊടുമുടികൾ സ്ഥിതി ചെയ്യുന്നു.(കാഞ്ചൻ ജംഗ,നന്ദാദേവി) | ഹിമാദ്രിയുടെ തെക്കുഭാഗത്തായി സ്ഥിതിചെയ്യുന്നു .ശരാശരി ഉയരം 3000 മീ. ഷിംല,ഡാർജിലിങ് ഇടങ്ങിയ സുഖവാസകേന്ദ്രങ്ങൾ തെക്കേ ചെരിവിൽ സ്ഥിതി ചെയ്യുന്നു. | ഹിമാചലിനു തെക്കുഭാഗത്തായി സ്ഥിതിചെയ്യുന്നു. ശരാശരി ഉയരം 1220 മീ.ഹിമാലയൻ നദികൾ ഈ പർവ്വതനിരയെ മുറിച്ചുകൊണ്ട് ഒഴുകുന്നതിനാൽ പലയിടങ്ങളിലും ഇടുർച്ച നഷ്ടപ്പെടുന്നു.നീളമേറിയതും വിസ്തൃതവുമായ താഴ്വരകൾ കാണപ്പെടുന്നു.ഇവയെ ഡൂണുകൾ എന്നു വിളിക്കുന്നു.(ഡെറാഡൂൺ) |

23. ഹിമാലയൻ നദികൾ

| ഹിമാലയൻ നദികൾ | ഉത്ഭവസ്ഥാനം | പോഷകനദികൾ | എത്തിച്ചേരുന്ന സമുദ്രം |
|---|---|---|---|
| സിന്ധു | ടിബറ്റിലെ മാനസസരോവർ തടാകം | ഝലം, ചിനാബ് ,രവി, ബിയാസ്, സത് ലജ് | അറബിക്കടൽ |
| ഗംഗ | ഗംഗോത്രി ഹിമാനിയിലെ ഗോമുഖ് ഗുഹ | യമുന,സോൺ, കോസി,ഗാണ്ഡക് | ബംഗാൾ ഉൾക്കടൽ |
| ബ്രഹ്മപുത്ര | ടിബറ്റിലെ ചെമ-യുങ്-ഡുങ് ഹിമാനി | തിസ്റ്റ,മാനസ്,ലൂഹിത് സുവാൻസിരി | ബംഗാൾ ഉൾക്കടൽ |

24. ഉപദ്വീപീയ പീഠഭൂമി

| ഉപവിഭാഗങ്ങൾ | സവിശേഷതകൾ |
|---|---|
| ആരവല്ലി പർവതനിര,മാൾവാ പീഠഭൂമി,വിന്ധ്യാനിരകൾ സത്പുര നിരകൾ, കച്ച്,കത്തിയവാർ ഉപദ്വീപ് പശ്ചിമഘട്ടം,ഡക്കാൻ പീഠഭൂമി,പൂർവഘട്ടം ഛോട്ടാനാഗ്പൂർ പീഠഭൂമി | a.ഇന്ത്യയിലെ ഏറ്റവും വിസ്തൃതമായ ഭൂവിഭാഗം b.ഇന്ത്യയിലെ ഏറ്റവും പഴക്കം ചെന്ന ഭൂവിഭാഗം c.ഉറപ്പേറിയ ശിലകളാൽ നിർമ്മിതമായത്. d.15 ലക്ഷം ച.കി.മീ.വിസ്തൃതിയുണ്ട് e.ഇവിടുത്തെ ഏറ്റവും ഉയരമേറിയ കൊടുമുടിയാണ് ആനമുടി (2695 മീ.)-കേരളം |

25. ഉപദ്വീപീയ പീഠഭൂമിയുടെ പ്രാധാന്യം
   a.ഇന്ത്യയിലെ ഏറ്റവും വലിയഭൂവിഭാഗം
   b.പർവ്വതങ്ങൾ,പീഠഭൂമികൾ,താഴ്വരകൾ എന്നിങ്ങനെ വൈവിധ്യമാർന്ന ഭൂപ്രകൃതി.
   c.ധാരാളം ധാതു നിക്ഷേപം കാണപ്പെടുന്നതിനാൽ ധാതുക്കളുടെ കലവറ എന്ന് വിളിക്കുന്നു.
   d.അനേകം നദികളുടെ ഉത്ഭവപ്രദേശമാണ്.
   e.ഇവിടുത്തെ നൈസർഗിക സസ്യജാലങ്ങൾ ഉഷ്ണമേഖലാ ഇലപൊഴിയും കാടുകളാണ്.
   f.ഇവിടെ കറുത്ത പരുത്തിമണ്ണ് വ്യാപകമായി കാണപ്പെടുന്നു

26. ഉപദ്വീപീയ നദികൾ

| നദി | ഉത്ഭവസ്ഥാനം | പോഷകനദികൾ | എത്തിച്ചേരുന്ന കടൽ |
|---|---|---|---|
| മഹാനദി | മൈക്കലാനിരകൾ(മധ്യപ്രദേശ്) | ഇബ്,ടെൽ | ബംഗാൾ ഉൾക്കടൽ |
| ഗോദാവരി | പശ്ചിമഘട്ടം(മഹാരാഷ്ട്രയിലെ നാസിക് ജില്ല) | ഇന്ദ്രാവതി ,ശബരി | ബംഗാൾ ഉൾക്കടൽ |
| കൃഷ്ണ | പശ്ചിമഘട്ടം(മഹാരാഷ്ട്രയിലെ മഹാബലേശ്വർ കുന്നുകൾ) | ഭീമ,തുംഗഭദ്ര | ബംഗാൾ ഉൾക്കടൽ |
| കാവേരി | പശ്ചിമഘട്ടത്തിലെ ബ്രഹ്മഗിരിനിരകൾ(കർണ്ണാടകം) | കബനി ,അമരാവതി | ബംഗാൾ ഉൾക്കടൽ |
| നർമദ | മൈക്കലാനിരകൾ (ഛത്തീസ്ഗഢ്) | ഹിരൺ ,ബൻജൻ | അറബിക്കടൽ |
| താപ്തി | മുൻതായ് പീഠഭൂമി(മധ്യപ്രദേശിലെ ബൈതുൽ ജില്ല) | ആനർ,ഗിർന | അറബിക്കടൽ |

27. ഹിമാലയൻ നദികളുടെയും ഉപദ്വീപീയ നദികളുടെയും പ്രത്യേകതകൾ

| ഹിമാലയൻ നദികൾ | ഉപദ്വീപീയ നദികൾ |
|---|---|
| ഹിമാലയപർവതനിരകളിൽ നിന്ന് ഉത്ഭവിക്കുന്നു | ഉപദ്വീപീയ പീഠഭൂമിയിലെ മലനിരകളിൽ നിന്ന് ഉത്ഭവിക്കുന്നു |
| അതിവിസ്തൃതമായ വൃഷ്ടിപ്രദേശം | താരതമ്യേന വിസ്തൃതി കുറഞ്ഞ വൃഷ്ടിപ്രദേശം |
| അതിശക്തമായ അപരദന തീവ്രത | അപരദന തീവ്രത താരതമ്യേന കുറവ് |
| ഉയർന്ന ജലസേചനശേഷി | കുറഞ്ഞ ജലസേചനശേഷി |
| സമതലപ്രദേശങ്ങളിൽ ഉൾനാടൻ ജലഗതാഗതത്തിന് സാധ്യത കൂടുതൽ | ഉൾനാടൻ ജലഗതാഗതത്തിന് സാധ്യത താരതമ്യേന കുറവ് |

28. തീരസമതലങ്ങൾ

| ഉപവിഭാഗങ്ങൾ | സവിശേഷതകൾ | മണ്ണിനങ്ങൾ / തൊഴിലുകൾ |
|---|---|---|
| a. പടിഞ്ഞാറൻ തീരസമതലം b. കിഴക്കൻ തീരസമതലം | ഗുജറാത്തിലെ റാൻ ഓഫ് കച്ച് മുതൽ ഗംഗാ-ബ്രഹ്മപുത്ര ഡൽറ്റാപ്രദേശം വരെ നീണ്ടു കിടക്കുന്നു. ഏകദേശം 6100 കി.മീ.നീളം | എക്കൽമണ്ണ്,കൃഷി പ്രധാന തൊഴിൽ,മത്സ്യബന്ധനം,ഉപ്പ് നിർമ്മാണം,വിനോദസഞ്ചാരം ഉണ്ട്. കൃഷി നെല്ല് ,തെങ്ങ് ഇടങ്ങിയവ |

29. തീരസമതലങ്ങളുടെ സവിശേഷതകൾ

| പടിഞ്ഞാറൻ തീരസമതലം | കിഴക്കൻ തീരസമതലം |
|---|---|
| a. അറബിക്കടലിനും പശ്ചിമഘട്ടത്തിനുമിടയിൽ<br>b.റാൻ ഓഫ് കച്ച് മുതൽ കന്യാകുമാരി വരെ<br>c. താരതമ്യേന വീതി കുറവ്<br>d. ഗുജറാത്ത് തീരസമതലം,കൊങ്കൺ തീരസമതലം, മലബാർ തീരസമതലം എന്നിങ്ങനെ തിരിക്കാം<br>e. കായലുകളും അഴിമുഖങ്ങളും കാണപ്പെടുന്നു | a. ബംഗാൾ ഉൾക്കടലിനും പൂർവഘട്ടത്തിനുമിടയിൽ<br>b.സുന്ദരവനപ്രദേശം മുതൽ കന്യാകുമാരി വരെ<br>c. താരതമ്യേന വീതി കൂടുതൽ<br>d. കോറമണ്ഡൽ തീരസമതലം,വടക്കൻ സിർക്കാർസ് തീരസമതലം എന്നിങ്ങനെ തിരിക്കാം<br>e. ഡെൽറ്റാ രൂപീകരണം നടക്കുന്നു |